പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ്**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4292 | 21.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, പി.എ.മാധവൻ<br>,, വി.പി.സജീന്ദ്രൻ | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| (എ) | കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) | നാഷണൽ കമ്മീഷൻ ഫോർ വിമൺ, ലോകത്തെ മൂന്നാമത്തെ സംഘടിത കുറ്റകൃത്യമായ മനുഷ്യക്കടത്ത് ഏറ്റവുമധികം നടക്കുന്നതായി കണ്ടെത്തിയത് കേരളത്തിലെ ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ യഥാക്രമം ദേവികുളം, മാനന്തവാടി, ചിറ്റൂർ ബ്ലോക്കുകളിലാണ്. ഈ സാഹചര്യത്തിൽ കുടുംബശ്രീ എൻ.ആർ.എൽ. എം (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പദ്ധതിയുടെ ഭാഗമായി എൻ.ആർ.എൽ.പി. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പ്രോജക്ട് സമർപ്പിച്ചു. 2013 നവംബർ 25 ന് എൻ.ആർ.എൽ.എം. എംപവേർഡ് കമ്മിറ്റി മീറ്റിംഗിൽ കുടുംബശ്രീ മിഷൻ സമർപ്പിച്ച ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പൈലറ്റ് പ്രോജക്ട് അംഗീകരിക്കുകയും 2.16 കോടി രൂപ (പൂർണ്ണമായും കേന്ദ്ര സഹായം) അനുവദിക്കുകയും ചെയ്തു. പദ്ധതി വിഹിതത്തിന്റെ ആദ്യ ഗഡുവായ 1.08 കോടി രൂപ കുടുംബശ്രീക്ക് നിലവിൽ കൈമാറിയിട്ടുമുണ്ട്. പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1) തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിലെ മനുഷ്യക്കടത്ത് തടയുക.<br>2) സംസ്ഥാനത്ത് മനുഷ്യക്കടത്തിന് ഇരയാകുന്നവർ, സംഘടനകളുടേയോ സാമൂഹ്യ നീതി വകുപ്പ്, മറ്റ് സർക്കാർ വകുപ്പുകൾ, രക്ഷാ പ്രവർത്തകർ എന്നിവരുടെ സഹായത്താൽ മനുഷ്യക്കടത്തിനെ അതിജീവിക്കുന്നവർ/മനുഷ്യക്കടത്തിൽ നിന്നും രക്ഷപ്പെടുന്നവർ എന്നിവരുടെ പുനരധിവാസം, ഇവരെ കുടുംബശ്രീ ശൃംഖലയിൽ എത്തിക്കുക, കൂടാതെ ഇവരെ സമൂഹത്തിന്റെ മുഖ്യ ധാരയിൽ തിരികെ |

| | | | |
|---|---|---|---|
| | | | എത്തിക്കുക.<br>3) സാങ്കേതിക വൈദഗ്ധ്യം നൽകുകയും സാമ്പത്തിക പുനരധിവാസം നടത്തുകയും ചെയ്യുക.<br>4) ടി ബ്ലോക്കുകളെ സ്ത്രീ-ശിശു സൗഹൃദമാക്കുക. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന വ്യക്തമാക്കുമോ? | (സി) | ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പൈലറ്റ് പ്രോജക്ട് സംസ്ഥാനത്തെ ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ യഥാക്രമം ദേവികുളം, മാനന്തവാടി, ചിറ്റൂർ ബ്ലോക്കുകളിൽ നടപ്പിലാക്കിവരികയാണ്. ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.<br>• തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സർക്കാരേതര ഏജൻസികൾ എന്നിവയുടെ ഏകോപന യോഗങ്ങൾ പഞ്ചായത്ത്/ബ്ലോക്ക് തലത്തിൽ സംഘടിപ്പിച്ചു.<br>• കുടുംബശ്രീ തുതല സംഘടനാ സംവിധാനത്തിലൂടെയും ജനപ്രതിനിധി കളിലൂടെയും ഉദ്യോഗസ്ഥരിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും അവബോധ-പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.<br>• കൗമാര പ്രായക്കാരായ കുട്ടികൾക്കുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചു.<br>• കമ്മ്യൂണിറ്റി കൗൺസിലർമാരെ പരിശീലനം നൽകി ടി ബ്ലോക്കുകളിൽ നിയോഗിച്ചിട്ടുണ്ട്.<br>• സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കുകൾ ടി ബ്ലോക്കുകളിൽ ആരംഭിച്ചിട്ടുണ്ട്.<br>• ബ്ലോക്കുതല മൈഗ്രേഷൻ സെന്റർ, അക്രഡിറ്റഡ് സേഫ് ഹോംസ് എന്നിവ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ